ഡോ. ഗ്രിൻസൺ ജോർജ്ജ്
ഡയറക്ടർ, ഐ.സി.എ.ആർ-കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ)

സുസ്ഥിരമായ വികസനത്തിലൂടെ തീരദേശത്തിന്റെ സാമൂഹിക-സാമ്പത്തിക ഘടനയെ മാറ്റിമറിക്കാൻ പോന്ന തന്ത്രപ്രധാനമായ ചുവടുവെപ്പുകളാണ് ബജറ്റിലുള്ളത്.

# നീല സമ്പദ് വ്യവസ്ഥയിലും കുതിപ്പ്

കേരളത്തിന്റെ തനതായ ഭൂമിശാസ്ത്രപരമായ സവിശേഷതകളിൽ ഏറ്റവും പ്രധാനപ്പെട്ടത് പുതുക്കിയ ഔദ്യോഗിക കണക്കുകൾ പ്രകാരം 600.15 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്ന സമുദ്ര തീരമാണ്. സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയിലും ലക്ഷക്കണക്കിന് വരുന്ന തീരദേശ ജനതയുടെ ജീവിതത്തിലും കടൽ വലിയൊരു പങ്കുവഹിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ, 2026-ലെ കേരള ബജറ്റിലെ 'മിഷൻ സമുദ്ര' ഉൾപ്പെടെയുള്ള പ്രഖ്യാപനങ്ങൾ കേരളത്തിന്റെ മറൈൻ ഇക്കോണമി അഥവാ നീല സമ്പദ്വ്യവസ്ഥയ്ക്ക് (ബ്ലൂ ഇക്കോണമി) വൻ ഉണർവേകുന്നവയാണ്. സുസ്ഥിരമായ വികസനത്തിലൂടെ തീരദേശത്തിന്റെ സാമൂഹിക-സാമ്പത്തിക ഘടനയെ മാറ്റിമറിക്കാൻ പോന്ന തന്ത്രപ്രധാനമായ ചുവടുവെപ്പുകളാണ് ബജറ്റിലുള്ളത്.

## മത്സ്യബന്ധന ദിനങ്ങളിലെ കുറവും സബ്-പ്ലാനും

അടുത്തകാലത്തായി ആവർത്തിച്ചുവരുന്ന ചുഴലിക്കാറ്റുകൾ, ശക്തമായ കടൽക്ഷോഭം, സമുദ്ര താപതരംഗങ്ങൾ തുടങ്ങി കടുത്ത പ്രതികൂല കാലാവസ്ഥാ വ്യതിയാനങ്ങൾ കാരണം കേരള തീരത്ത് മത്സ്യബന്ധനത്തിന് ഇറങ്ങാൻ സാധിക്കുന്ന ദിവസങ്ങളുടെ എണ്ണത്തിൽ വലിയ കുറവുണ്ടായിട്ടുണ്ട്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വരുമാനത്തെയും ജീവിതഭദ്രതയെയും സാരമായി ബാധിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിലാണ് ബജറ്റിലെ 'ഫിഷറീസ് സബ്-പ്ലാൻ' ഏറെ പ്രസക്തമാകുന്നത്. ഇന്ധനവില വർധനവ് മൂലം പ്രതിസന്ധിയിലായ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി വർധിപ്പിച്ചത് ഇൻപുട്ട് ചിലവുകൾ കുറയ്ക്കാൻ സഹായിക്കും. ഇതിനൊപ്പം അപകട ഇൻഷുറൻസ്, യാനങ്ങളുടെ ഇൻഷുറൻസ് എന്നിവ ശക്തിപ്പെടുത്തിയതും, രക്ഷാപ്രവർത്തനങ്ങൾക്കായി പ്രത്യേക ബോട്ടുകൾ സജ്ജമാക്കുന്നതും സുരക്ഷ ഉറപ്പാക്കും. കാലാവസ്ഥാ വ്യതിയാനം മൂലം തൊഴിൽ നഷ്ടപ്പെടുന്ന ദിവസങ്ങളിൽ നൽകുന്ന ധനസഹായം മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ദുരന്തപ്രതിരോധ ശേഷി വർധിപ്പിക്കാൻ സഹായിക്കും.

## നോളജ് ക്ലസ്റ്ററും മാരിടൈം മ്യൂസിയവും

കേരളത്തെ ഒരു അറിവധിഷ്ഠിത സമ്പദ്വ്യവസ്ഥയായി (നോളജ് ഇക്കോണമി) മാറ്റുകയെന്ന ലക്ഷ്യത്തോടെ, കൊച്ചി കേന്ദ്രമാക്കി ഒരു 'ഫിഷറീസ് നോളജ് ക്ലസ്റ്റർ' രൂപീകരിക്കാനുള്ള ബജറ്റ് നിർദ്ദേശം പ്രതീക്ഷ നൽകുന്നതാണ്. ഐ.സി.എ.ആർ-സി.എം.എഫ്.ആർ.ഐ (ICAR-CMFRI), ഐ.സി.എ.ആർ-സിഫ്റ്റ് (CIFT), കുഫോസ് (KUFOS) സർവ്വകലാശാല, സി.എം.എൽ.ആർ.ഇ. (CMLRE), സിഫ്നെറ്റ് (CIFNET), നിഫാറ്റ് (NIFPHATT) തുടങ്ങിയ നിരവധി പ്രമുഖ കേന്ദ്ര-സംസ്ഥാന സമുദ്ര ഗവേഷണ സ്ഥാപനങ്ങളുടെ വലിയൊരു ശൃംഖല കൊച്ചിയിലുണ്ട്. ഇവരെ ഒരൊറ്റ ക്ലസ്റ്ററിലേക്ക് കോർത്തിണക്കുന്നത് വഴി ശാസ്ത്ര-സാങ്കേതിക വികസനപ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കാനും വേഗത്തിൽ യാഥാർഥ്യമാക്കാനും കഴിയും.

ഇതിനൊപ്പം, ബജറ്റിൽ പ്രഖ്യാപിച്ച മാരിടൈം മ്യൂസിയം കേരളത്തിന്റെ സമ്പന്നമായ സമുദ്ര പാരമ്പര്യവും ചരിത്രവും ജനങ്ങളിലേക്ക് എത്തിക്കാൻ സഹായിക്കും. മാത്രമല്ല, ഈ ക്ലസ്റ്ററിന്റെ ഭാഗമായി ഗവേഷകർക്കും വിദ്യാർഥികൾക്കും ടൂറിസം മേഖലയ്ക്കും വലിയൊരു മുതൽക്കൂട്ടായി മാരിടൈം മ്യൂസിയം മാറും.

## കേന്ദ്ര പ്ലാൻ സംയോജനവും വികസനവും

സംസ്ഥാന ബജറ്റിലെ നിർദ്ദേശങ്ങളെ കേന്ദ്ര വിഹിതങ്ങളുമായി കൃത്യമായി കൂട്ടിയിണക്കുന്നതിലൂടെ തീരദേശ അടിസ്ഥാന സൗകര്യ വികസനം, തുറമുഖങ്ങളുടെ ആധുനികവൽക്കരണം, വലിയ തോതിലുള്ള ശീതീകരണ സംഭരണ ശൃംഖലകൾ എന്നിവ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കും.

## വികസനവും പരിസ്ഥിതി സുസ്ഥിരതയും

പുതിയ കേരള മാരിടൈം പോളിസിയും തുറമുഖങ്ങളുടെ വികസനവും ലോജിസ്റ്റിക്സ്, ടൂറിസം തുടങ്ങിയ മേഖലകളിൽ വലിയ സാധ്യതകൾ തുറന്നുതരുമെന്നത് തീർച്ചയാണ്.

## നൂതന സംരംഭങ്ങളും സി.എം.എഫ്.ആർ.ഐ കാഴ്ചപ്പാടും

പരമ്പരാഗത മത്സ്യബന്ധനത്തിനപ്പുറം സമുദ്രവിഭവങ്ങളെ ശാസ്ത്രീയമായി ഉപയോഗപ്പെടുത്താൻ താഴെ പറയുന്ന പദ്ധതികൾക്ക് കഴിയും.

**കടൽപായൽ കൃഷിയും ഉപജീവനവും:** കടൽപായൽ കൃഷി വ്യാപകമാക്കുന്നതിലൂടെ തീരദേശ വനിതകൾക്കും മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും മികച്ച അധിക വരുമാനം ലഭിക്കും. ഇത് മത്സ്യ കർഷക ഉൽപാദന സംഘങ്ങൾക്ക് (ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്) പുതിയ കരുത്താകും.

**കൂട് കൃഷിയും സാങ്കേതികവിദ്യയും:** കാളാഞ്ചി, വറ്റ തുടങ്ങിയ വിലപിടിപ്പുള്ള മത്സ്യങ്ങളുടെ കൂട് കൃഷി വ്യാപകമാക്കുന്നതിനൊപ്പം സാറ്റലൈറ്റ് റിമോട്ട് സെൻസിങ്, AI സാങ്കേതികവിദ്യകൾ എന്നിവ ഉപയോഗിച്ച് മത്സ്യലഭ്യതയുള്ള പ്രദേശങ്ങൾ കൃത്യമായി പ്രവചിക്കാനും സാധിക്കും.

കൊച്ചിയിലെ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളുടെയും ഐ.സി.എ.ആർ-സി.എം.എഫ്.ആർ.ഐ പോലുള്ള സ്ഥാപനങ്ങളുടെയും സാങ്കേതിക പിന്തുണയോടെ ബജറ്റിലെ ഈ പദ്ധതികൾ കൃത്യമായി താഴെത്തട്ടിൽ എത്തിച്ചാൽ, അത് കേരളത്തിലെ തീരദേശ ജനതയുടെ ജീവിതനിലവാരം ഉയർത്തുക മാത്രമല്ല, സംസ്ഥാനത്തെ ഒരു മാതൃകാ മറൈൻ ഹബ്ബായി മാറ്റുകയും ചെയ്യും. 'മിഷൻ സമുദ്ര' കേരളത്തിന്റെ നീല വിപ്ലവത്തിന് പുതിയൊരു സുവർണ്ണ അധ്യായം എഴുതിച്ചേർക്കുമെന്നുറപ്പാണ്. ■

